**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1325** **19-09-2025 - ൽ മറുപടിയ്ക്ക്**

**കോതമംഗലം പ്ലാമുടി - ഊരംകുഴി റോഡിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കേരള റോഡ് ഫണ്ട് ബോർഡിന്റെ മേൽനോട്ടത്തിൽ നടപ്പാക്കാൻ തീരുമാനിച്ച കോതമംഗലം മണ്ഡലത്തിലെ പ്ലാമുടി - ഊരംകുഴി റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | പ്ലാമുടി - കോട്ടപ്പടി - പാനിപ്ര – ഇരുമലപ്പടി - ഊരംകുഴി റോഡ് ഇംപ്രൂവ്മെന്റ് പ്രവൃത്തികൾക്ക് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 10 കോടി രൂപക്ക് തത്വത്തിൽ ഭരണാനുമതിയും കിഫ്ബിയിൽ നിന്നും 22.66 കോടി രൂപക്ക് സാമ്പത്തിക അനുമതിയും നൽകിയിട്ടുണ്ട്. പ്ലാമൂടി -ഇരുമലപ്പടി -ഊരംകുഴി വരെ 10.68 കി.മീ വരുന്ന റോഡിൽ പ്ലാമൂടി മുതൽ ഇരുമലപ്പടി വരെയുള്ള ഭാഗത്ത് CD വർക്കുകളും DBM പ്രവൃത്തികളും പൂർത്തീകരിച്ചിരുന്നു.<br><br>എന്നാൽ പ്രവൃത്തിയുടെ ഗുണനിലവാരം തൃപ്തികരമല്ലെന്ന് ബോധ്യപ്പെടുകയും, കരാറുകാരൻ കേടുപാടുകൾ പരിഹരിക്കാൻ വിസമ്മതിക്കുകയും ചെയ്തതിനാൽ കരാറുകാരനെ നഷ്ടോത്തരവാദിത്തത്തിൽ ഒഴിവാക്കിയിട്ടുണ്ട്.<br><br>പ്ലാമുടി മുതൽ ഇരുമലപ്പടി വരെയുള്ള ഭാഗത്തെ ബാലൻസ് പ്രവൃത്തികൾക്കായുള്ള എസ്റ്റിമേറ്റിന് 25.09.2023- തീയതിയിൽ നടന്ന 140-ാമത് ടെക്നിക്കൽ കമ്മിറ്റിയിൽ സാങ്കേതികാനുമതിക്കായി നൽകുകയും, 02.09.2024-തീയതിയിൽ ടെൻഡർ ക്ഷണിക്കുകയും ചെയ്തു. ടെൻഡറിൽ ഏറ്റവും കുറവ് കോട്ട് ചെയ്ത തുക അനുവദിക്കാവുന്ന പരിധിയേക്കാൾ കൂടുതലായതിനാൽ 09.10.2024-തീയതിയിലെ 54-ാമത് ടെൻഡർ അപ്രൂവൽ കമ്മിറ്റിയിൽ സമർപ്പിക്കുകയും കമ്മിറ്റി പ്രവൃത്തി റീടെൻഡർ ചെയ്യാൻ നിർദേശിക്കുകയും ചെയ്തതിനെത്തുടർന്ന് 10.10.2024-തീയതിയിൽ പ്രസ്തുത പ്രവൃത്തി രണ്ടാമതും റീടെൻഡർ ചെയ്തെങ്കിലും കോട്ട് ചെയ്ത തുക കുറക്കാൻ L1 ബിഡർ തയ്യാറായില്ല. തുടർന്ന് 30.10.2024-തീയതിയിൽ പ്രവൃത്തി വീണ്ടും (മൂന്നാമതും) ടെൻഡർ ചെയ്തു. പ്രസ്തുത ടെൻഡർ അംഗീകാരത്തിനായി 13.01.2025-തീയതിയിലെ 56-ാമത് ടെൻഡർ അപ്രൂവൽ കമ്മിറ്റിയിൽ |

| | | | |
|---|---|---|---|
| | | | സമർപ്പിച്ചെങ്കിലും കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്ത പ്രവൃത്തിയുടെ ബാലൻസ് പ്രവൃത്തി നിലവിലെ ഷെഡ്യൂൾ ഓഫ് റേറ്റിൽ ടെൻഡർ ചെയ്തത് സംബന്ധിച്ച് വ്യക്തത ആവശ്യമുണ്ടെന്നും ആയത് പരിശോധിച്ച് അടുത്ത ടെൻഡർ അപ്രൂവൽ കമ്മിറ്റിയിൽ ഈ പ്രവൃത്തി സമർപ്പിക്കുന്നതിന് കമ്മിറ്റി നിർദ്ദേശിക്കുകയും ചെയ്തു. തുടർന്ന് 07.04.2025-തീയതിയിലെ 58-ാമത് ടെൻഡർ അപ്രൂവൽ കമ്മിറ്റിയിൽ ലോവസ്റ്റ് ബിഡ് അപ്രൂവലിന് സമർപ്പിച്ചെങ്കിലും ഒറിജിനൽ ഷെഡ്യൂൾ ഓഫ് റേറ്റ് DSOR 2016 അനുസരിച്ച് പ്രവൃത്തി റീടെൻഡർ ചെയ്യാൻ കമ്മിറ്റി നിർദേശിക്കുകയുണ്ടായി. |
| (ബി) | വർഷങ്ങൾ കഴിഞ്ഞിട്ടും റോഡിന്റെ നിർമ്മാണം ആരംഭിക്കാൻ കഴിയാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | തടസങ്ങൾ നീക്കി റോഡ് നിർമാണം പുനരാരംഭിക്കുന്നതിന്റെ ഭാഗമായി നിലവിൽ പ്ലാമൂടി മുതൽ ഇരുമലപ്പടി വരെയുള്ള ഭാഗത്തെ ബാലൻസ് വർക്കുകൾ അറേഞ്ച് ചെയ്യുന്നതിനായി കിഫ്ബിയുടെ ഇൻസ്പെക്ഷൻ വിംഗിന്റെ നേതൃത്വത്തിൽ 21.08.2025 തീയതിയിൽ FWD ടെസ്റ്റ് നടത്തിയിട്ടുള്ളതാണ്. ആയതിന്റെ പരിശോധന ഫലം ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റിനു സാങ്കേതികാനുമതി നൽകി നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | തടസ്സങ്ങൾ നീക്കി റോഡിന്റെ നിർമ്മാണം വേഗത്തിൽ ആരംഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | തടസങ്ങൾ നീക്കി റോഡ് നിർമാണം പുനരാരംഭിക്കുന്നതിന്റെ ഭാഗമായി നിലവിൽ പ്ലാമൂടി മുതൽ ഇരുമലപ്പടി വരെയുള്ള ഭാഗത്തെ ബാലൻസ് വർക്കുകൾ അറേഞ്ച് ചെയ്യുന്നതിനായി കിഫ്ബിയുടെ ഇൻസ്പെക്ഷൻ വിംഗിന്റെ നേതൃത്വത്തിൽ 21.08.2025 തീയതിയിൽ FWD ടെസ്റ്റ് നടത്തിയിട്ടുള്ളതാണ്. ആയതിന്റെ പരിശോധന ഫലം ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റിനു സാങ്കേതികാനുമതി നൽകി നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ